⇨ *നിരവധി സേവനങ്ങളുടെ ലഭ്യത ഒരാളുടെ ജീവിതത്തിൽ ഗതാഗതം സാധ്യമാക്കുന്നുണ്ട്* ⇨

# കൂടുന്ന ഇന്ധനവില കുറയുന്ന പൊതുവാഹനങ്ങൾ

കാലാവസ്ഥ വ്യതിയാന കാലത്തെ അനുയോജ്യമായ ഗതാഗതരൂപമെന്ന നിലയിൽ പൊതുഗതാഗതത്തിനും യന്ത്രരഹിത വാഹനങ്ങൾക്കും പ്രാമുഖ്യം കൈവന്നിട്ടും ഭരണകൂടത്തിന്റെ നയങ്ങളിൽ മാറ്റം വരുന്നില്ലെന്നതിന്റെ തെളിവാണ് കെ.എസ്.ആർ.ടി.സിയുടെ പ്രതിസന്ധിയെന്ന്

**പി. കൃഷ്ണകുമാർ**

**സുസ്ഥിരവികസനം,** ഊർജ്ജ ഉപഭോഗം, മലിനീകരണം - ഇവ മൂന്നും വളരെ സങ്കീർണ്ണമായ വിധത്തിൽ പരസ്പരം കെട്ടുപിണഞ്ഞ് കിടക്കുന്നു. സുസ്ഥിരമായത് പൊതുവേ ഊർജ്ജ ഉപഭോഗവും മലിനീകരണവും കുറഞ്ഞതായിരിക്കുമെന്ന് പറയാം. ഇന്ന് സുസ്ഥിരതയ്ക്കു മുന്നിലെ പ്രധാന പ്രശ്നങ്ങളിലൊന്നായി ഗതാഗത മേഖലമാറിക്കഴിഞ്ഞു. സാമ്പത്തിക വികസനത്തോടൊപ്പം ഗതാഗതപ്രശ്നങ്ങളും കൂടിവരുകയാണ്.

ആഗോള താപനം വർദ്ധിപ്പിക്കുന്നതിൽ ഗതാഗത മേഖലയ്ക്ക് നിർണ്ണായകമായ പങ്കുണ്ട്. ഹരിത ഗൃഹ വാതകങ്ങൾ പുറത്ത് വിടുന്നതിൽ ഈ മേഖല ഏറെ മുന്നിലാണ്. ഗതാഗതത്തെക്കുറിച്ചുള്ള നമ്മുടെ സങ്കല്പത്തിലും ദർശനത്തിലും കാര്യമായ പൊളിച്ചെഴുത്തുകൾ നടത്താതെ മാനവരാശിക്ക് മുന്നോട്ട് പോകാൻ കഴിയാത്ത സ്ഥിതിയാണുള്ളത്. സ്വകാര്യ മോട്ടോർ വാഹനങ്ങൾക്ക് ഏറ്റവും സാധാരണയാത്ര മാർഗ്ഗമെന്ന നിലയിൽ ഇന്ന് നൽകുന്ന പ്രാമുഖ്യം പാരിസ്ഥിതികമായോ സാമൂഹികമായോ സ്ഥായിയായതല്ല.

ജീവിതമേന്മ വർദ്ധിപ്പിക്കുന്നതും ഒഴിച്ചുകൂടാനാവാത്തതുമായ നിരവധി സേവനങ്ങളുടെ ലഭ്യത ഒരാളുടെ ജീവിതത്തിൽ ഗതാഗതം സാധ്യമാക്കുന്നുണ്ട്. ഇഷ്ടപെട്ട പാർപ്പിടവും തൊഴിലും തെരഞ്ഞെടുക്കാൻ അത് ജനങ്ങൾക്ക് കൂടുതൽ സാധ്യതകൾ നൽകുന്നു. മിതമായ നിരക്കിൽ കൂടുതൽ മെച്ചപ്പെട്ട സേവനങ്ങളും വസ്തുക്കളും ലഭ്യമാക്കുന്നു. എന്നാൽ, അവ ലഭിയ്ക്കുന്നതിനു വേണ്ട മാർഗ്ഗങ്ങളുടെ ചെലവുകളാകട്ടെ, മേൽപ്പറഞ്ഞ സൗകര്യങ്ങൾ മൂലമുണ്ടാകുന്ന ഗുണങ്ങളുടെ മൂല്യത്തേക്കാൾ കൂടുതലാകുന്നു എന്നതാണ് ഇന്നത്തെ പ്രതിസന്ധി. സ്വകാര്യ വാഹനങ്ങളുടെ (പ്രത്യേകിച്ചും മോട്ടോർ വാഹനങ്ങളുടെ) പ്രാമുഖ്യത്തിൽ നമുക്ക് ലഭിയ്ക്കുന്ന ചലനാത്മകത (mobility) ഒട്ടും തന്നെ സുസ്ഥിരമല്ലെന്നതാണ് വർത്തമാനലോകം നേരിടുന്ന വെല്ലുവിളി. ഇന്നത്തെ ദിശയിൽ അത് വികസിക്കുന്നത് പാരിസ്ഥിതികവും സാമൂഹികവുമായ ദുരന്തത്തിലേയ്ക്ക് മാത്രമേ നയിക്കുകയുള്ളൂ. ഇരുപതാം നൂറ്റാണ്ടിൽ അമേരിക്കയിലും യൂറോപ്പിലും സംഭവിച്ചതിനേക്കാൾ പതിന്മടങ്ങ് വേഗത്തിലാണ് ഇന്ത്യയിൽ മോട്ടോർ വാഹനങ്ങളുടെ എണ്ണം ഇന്ന് വർദ്ധിച്ചുവരുന്നത്. നഗരങ്ങളിൽ രൂക്ഷമായ ഗതാഗതക്കുരുക്കുകളും മലിനീക




രണവും പാരിസ്ഥിതിക നാശവും ഗുരുതരമായ ആരോഗ്യപ്രശ്നങ്ങളുമാണ് പരിണിതഫലം. ഭാരവാഹനങ്ങളൊഴികെയുള്ള മറ്റ് വാഹനങ്ങളുടെ എണ്ണമെടുത്താൽ ഇന്ത്യയിൽ. പൊതുവാഹനമായ ബസ്സുകളുടെ എണ്ണം 1950–51–ൽ 15.8% ആയിരുന്നത് 2003–2004ൽ കേവലം 1.1% ആയിക്കുറഞ്ഞു. സ്വകാര്യ വാഹനങ്ങൾ അതേ കാലയളവിൽ 62%–ൽ നിന്നും 93.78% ആയിക്കൂടി. ഇരുചക്രവാഹനങ്ങളുടെ എണ്ണത്തിലാണ് വലിയ കുതിച്ചു ചാട്ടമുണ്ടായിരിക്കുന്നത്.

കാലാവസ്ഥ വ്യതിയാനകാലത്തെ ഗതാഗതരൂപങ്ങളിൽ പൊതുഗതാഗതത്തിനും യന്ത്രരഹിത വാഹനങ്ങൾക്കും പ്രാമുഖ്യം കൈവരികയാണ്. പൊതുഗതാഗതവും പൊതുവാഹനങ്ങളും പ്രോത്സാഹിപ്പിക്കുന്നതിലൂടെയാണ് ഇന്നത്തെ അവസ്ഥയ്ക്ക് മാറ്റം വരുത്തേണ്ടത്. ബസ്സുകളെയും മറ്റ് പൊതുവാഹനങ്ങളെയും കൂടുതൽ ജനകീയവും ആകർഷകവുമാക്കുന്ന തരത്തിലുള്ള നയപരിപാടികൾ ഭരണകൂടങ്ങൾ കൈക്കൊള്ളണം.

ഗതാഗതമേഖലയിൽത്തന്നെ, ആകെ കാർബൺഡൈ ഓക്സൈഡ് ബഹിർഗമനത്തിന്റെ 30 ശതമാനത്തിനും കാരണമാകുന്ന സ്വകാര്യ വാഹനങ്ങൾക്കും ബസ്സുകൾക്കും ഡീസൽ സബ്സിഡി അനുവദിക്കുമ്പോൾ സർക്കാർ ഉടമസ്ഥതയിലുള്ള സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുടെ ബസ്സുകൾക്കും ബോട്ടുകൾക്കും മാത്രം ഇളവ് അനുവദിയ്ക്കുകയില്ലയെന്ന ശാഠ്യം പൊതുഗതാഗത വികസനത്തിന് എതിരാണ്. തെറ്റ് ചൂണ്ടിക്കാട്ടിയിട്ടും അത് തിരുത്താൻ തയ്യാറാകാതെ കേന്ദ്രസർക്കാരും പെട്രോളിയം മന്ത്രാലയവും സംസ്ഥാനങ്ങളെ നിയമപോരാട്ടത്തിന്റെ വഴിയിലൂടെ വലിച്ചിഴയ്ക്കുകയാണ്. രാജ്യത്തെ രാഷ്ട്രീയ കക്ഷികളോ തൊഴിലാളി സംഘടനകളോ നാളിതുവരെ ഇക്കാര്യത്തിൽ ചെറുവിരൽ അനക്കിയിട്ടില്ലെന്നത് ആശ്ചര്യകരമാണ്. ഏറ്റവും കൂടുതൽ സാധാരണക്കാർ ആശ്രയിക്കുന്നവയാണ് സംസ്ഥാന ട്രാൻസ്പോർട്ട് കോർപ്പറേഷനുകളുടെ വാഹനങ്ങൾ. പൊതുഗതാഗതവും പൊതുവാഹനങ്ങളുടെ ഉപയോഗവും വർദ്ധിപ്പിയ്ക്കുവാൻ പ്രതിജ്ഞാബദ്ധരായ ഭരണകൂടങ്ങൾ പൊതുവാഹനങ്ങളുടെ ഇന്ധനവില മാത്രം വർദ്ധിപ്പിക്കുന്നതിന്റെ സാംഗത്യം വ്യക്തമല്ല.

പൊതുഗതാഗതത്തിനുപയോഗിക്കുന്ന എല്ലാത്തരം വാഹനങ്ങളുടേയും നികുതികളും തീരുവകളും ഗണ്യമായി കുറച്ചുകൊണ്ടും അവയെ ടോളുകളിൽ നിന്നും മറ്റെല്ലാവിധഫീസുകളിൽനിന്നും ഒഴിവാക്കിക്കൊണ്ടും ഗതാഗതനിയന്ത്രണങ്ങൾ ഏർപ്പെടുത്തുമ്പോൾ പൊതുവാഹനങ്ങൾക്ക് പ്രത്യേക പരിഗണന നൽകിക്കൊണ്ടും, ന്യായമായ നിരക്കിൽ വിശ്വാസനീയമായ സേവനം ഉറപ്പാക്കണമെന്ന മുറവിളി ഉയരുമ്പോഴും, യഥാർത്ഥ പരിഹാരമാർഗങ്ങളെന്തെന്നറിയാതെ ഭരണകൂടങ്ങൾ ഇരുട്ടിൽ തപ്പുകയാണെന്നാണ് ഡീസൽ വിലസംബന്ധിച്ച തീരുമാനം തെളിയിക്കുന്നത്. ■

**കേരളീയം വരിസംഖ്യ**
**300 രൂപ**
**അയയ്ക്കുമല്ലോ...**

**അറിയിപ്പുകൾ**
**അഭിപ്രായങ്ങൾ**
**കത്തുകൾ**
എഴുതുക/വിളിക്കുക/അയക്കുക

കേരളീയം, കൊക്കാലെ, തൃശൂർ–21
ഫോൺ : 0487 2421385, 9446576943